# Our Lady of Mount Carmel LP School

# Kavalangad



# Academic Master Plan

## 2025 -26



# സ്കൂൾ അക്കാദമിക് മാസ്റ്റർ പ്ലാൻ
# 2025-26

## ആമുഖം

**അ**നുദിനം മാറിക്കൊണ്ടിരിക്കുന്ന ലോകക്രമത്തിൽ സക്രിയായി ഇടപെട്ട് ജീവിക്കാനാവശ്യമായ ശേഷികളും ധാരണകളും മനോഭവങ്ങളും രൂപീകരിച്ച്, സമൂഹത്തെ മുന്നോട്ടുന്നയിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുക എന്നതാണല്ലോ വിദ്യാഭ്യാസത്തിൻ്റെ ആത്യന്തികലക്ഷ്യം. വികസനോന്മുഖമായ ഒരു സമൂഹ നിർമ്മിതിക്ക് ഉതകുന്നവിധത്തിൽ വിദ്യാഭ്യാസപ്രക്രിയയെ രൂപകൽപന ചെയ്യേണ്ടതുണ്ട്. പൊതു വിദ്യാഭ്യാസത്തിൻറെ ഗുണമേന്മ കൂടുതൽ മെച്ചപ്പെടുത്തുക സമൂഹത്തിലെ എല്ലാ വിഭാഗം കുട്ടികളെയും വിദ്യാലയ പഠന പ്രവർത്തനങ്ങളുടെ ഭാഗമാക്കുക എന്ന വിശാലമായ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ് പദ്ധതി രൂപീകരിച്ചിരിക്കുന്നത്. 2025-26 അധ്യായന വർഷത്തിൽ ഒന്നു മുതൽ നാലു വരെ ക്ലാസിലെ മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളുന്നതും പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പ്രാധാന്യം നൽകി അവരെ ഉയർന്ന നിലവാരത്തിൽ എത്തിക്കാനും മികച്ച അനുയോജ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. കുട്ടികളിലുള്ള വൈകാരിക സാമൂഹിക വൈജ്ഞാനിക പ്രശ്നങ്ങൾ മറികടന്ന് കുട്ടികളെ മുൻനിരയിൽ എത്തിക്കുക പഠന വിടവുകൾ നികത്തുക എന്നതും പദ്ധതിയുടെ പ്രധാന ലക്ഷ്യമാണ് പഠനപ്രവർത്തനങ്ങൾ ശിശു സൗഹാർദ്ദപരവും കൂടുതൽ ആസ്വാദ്യകരവുമായി മാറ്റാനും അതോടൊപ്പം കുട്ടികളുടെ പഠനകാര്യങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്താനും പദ്ധതി ലക്ഷ്യമിടുന്നു.

## ലക്ഷ്യങ്ങൾ

1. ഓരോ വിദ്യാർത്ഥിക്കും വിദ്യാലയ അന്തരീക്ഷവും പഠന പ്രവർത്തനവും ആസ്വാദ്യകരമാക്കുന്നു.
2. വിദ്യാലയങ്ങളിൽ കുട്ടികളുടെ പൂർണ്ണപങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.
3. വിദ്യാർത്ഥികൾക്ക് ക്ലാസ് മുറിയിലെ പ്രവർത്തനങ്ങൾക്ക് പുറമെ കലാകായിക പ്രവർത്തിപരിചയ പ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നു.
4. വിദ്യാലയത്തിലെ പഠന പിന്തുണ സംവിധായ കമ്പ്യൂട്ടർ എന്നിവയെല്ലാം എല്ലാ വിദ്യാർത്ഥികൾക്കും ഒരുപോലെ പ്രാപ്തമാക്കുകയും അവ പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു.
5. ഗണിത പഠനം ഉല്ലാസപ്രദവും കൗതുകകരവുമാക്കി മുഴുവൻ കുട്ടികൾക്കും ഗണിതശേഷികൾ ഉറപ്പാക്കുക.മുഴുവൻ കുട്ടികളെയും മികച്ച പ്രശ്നപരിഹരണശേഷിയുള്ളവരാക്കുക

6. മലയാളത്തിലെയും ഇംഗ്ലീഷിലും മുഴുവൻ കുട്ടികൾക്കും ആശയഗ്രഹണത്തോടെ വായിക്കാനും എഴുതാനും കഴിവുണ്ടാക്കുക.
7. ആശയങ്ങൾ, അറിവുകൾ, അനുഭവങ്ങൾ, മുന്നറിവുകൾ എന്നിവയുടെ വെളിച്ചത്തിൽ സർഗാത്മക രചനകളിൽ ഏർപ്പെടുന്നതിനും അവതരിപ്പിക്കുന്നതിനും കഴിവുള്ളവരാക്കുക.
8. പാർശ്വവൽക്കരിക്കപ്പെട്ടതും പ്രത്യേക പരിഗണന അർഹിക്കുന്നതുമായ കുട്ടികളുടെ അക്കാദമിക ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുന്നു.

# സ്കൂൾ അക്കാദമിക് മാസ്റ്റർ പ്ലാൻ 2025 – 26

## വിഷയങ്ങളും മേഖല/ലക്ഷ്യങ്ങളും

| ക്രമനമ്പർ | വിഷയങ്ങൾ | മേഖല / ലക്ഷ്യങ്ങൾ |
|---|---|---|
| | മലയാളം | • ഭാഷാരമായ പിന്നാക്കാവസ്ഥ രിഹരിക്കൽ<br>• എല്ലാവർക്കും എഴുത്തും വായനയും<br>• വായനയും എഴുത്തും വികസിപ്പിക്കുന്നതിനുള്ള തന്ത്രങ്ങൾ വികസിപ്പിക്കുക.<br>• ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത സജീകരിക്കൽ |
| | ഗണിതം | • ഗണിതഠനം ഉല്ലാസപ്രദവും കൗതുകകരമായി മുഴുവൻ കുട്ടികൾക്കും<br>• ഗണിതശേഷികൾ ഉറപ്പാക്കുക.<br>• സ്ഥാനവിലകൾ,ചതുഷ്ക്രിയകൾ എന്നിവയിൽ അറിവ് വർദ്ധിപ്പിക്കൽ<br>• ഗണിത വിജയ പ്രവർത്തനങ്ങൾ സാധ്യമാക്കൽ |
| | English | • To speak, read & write English without any mistakes |
| | പരിസരപഠനം | • ജൈവ വൈവിധ്യ ഉദ്യാനം<br>• പ്രകൃതിസംരക്ഷണം<br>• സഹജീവി സ്നേഹം<br>• പരീക്ഷണ നീരിക്ഷണ പ്രവർത്തനങ്ങളിൽ<br>• ഏർപ്പെട്ട് കുട്ടികളിൽ ശാസ്ത്രീയ മനാഭാവം<br>• വളർത്തുക . |
| | കായിക വിദ്യാഭ്യാസം | • ആരോഗ്യ- കായികരോഗ്യ ക്ഷമത ഉറപ്പാക്കുക |
| | വിദ്യാരംഗം | • ആത്മവിശ്വാസത്താടെ കാതു സദസുകളെ അഭിമുഖീകരിക്കുന്നതിനുള്ള കഴിവ് വർദ്ധിപ്പിക്കുക.<br>• സർഗാത്മക രചനകളിൽ ഏർപ്പെടുന്നതിനും അവതരിപ്പിക്കുന്നതിനും കഴിവുള്ളവരാക്കുക. |

| | | |
|---|---|---|
| | അറബി | • ഭാഷാരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ<br>• വായനയും എഴുത്തും വികസിപ്പിക്കുന്നതിനുള്ള തന്ത്രങ്ങൾ വികസിപ്പിക്കുക. |
| | ഭിന്നശേഷി സൗഹൃദം | • എല്ലാ കുട്ടികൾക്കും ഒരേ രീതിയിലുള്ള പഠന പ്രവർത്തനങ്ങൾ<br>• വ്യക്തിത്വ വികസനത്തിലൂടെ ആത്മവിശ്വാസം വളർത്തൽ<br>• ഭിന്നശേഷി കുട്ടികളുടെ ടാലന്റ് കണ്ടെത്തി അത് വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ |
| | പ്രീ-പ്രൈമറി | • കുട്ടികളുടെ നിലവാരത്തിനനുസരിച്ചുള്ള പ്രവർത്തനങ്ങൾ<br>• ആകർഷകമായ ക്ലാസ്മുറികൾ സജ്ജമാക്കൽ |

# സ്കൂൾതല പ്രവർത്തനങ്ങൾ

## വിഷയം : മലയാളം

| Sl no. | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|---|
| 1. | ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ( മലയാളത്തിളക്കം) | 1. Pre-test (2-6-17)<br>2. അക്ഷരം ഉറപ്പിക്കൽ<br>3 അടയാളം ഉറപ്പിക്കൽ<br>4 അക്ഷര കാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമ്മിക്കുക<br>7. വാക്യങ്ങൾ നിർമ്മിക്കൽ<br>8. ചിത്രം - അടിക്കുറിപ്പ്<br>9. ചിത്രം - കഥപറയൽ<br>10. ചിത്രം - കഥ എഴുതൽ<br>11. കഥ - ബാക്കി എഴുതൽ<br>12. കഥാപുസ്തകം നൽകൽ<br>13. C.D-ൽ ഒരു ചിത്രം നൽകി വാക്യങ്ങൾ എഴുതൽ<br>14. ഭാഷാപരമായ പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ് | 3 മാസം<br>ജൂൺ - ആഗസ്റ്റ് |
| 2. | കുട്ടിയെ മികച്ച വായനക്കാരനാക്കുക.(വായനാചങ്ങാത്തം ) | 1. ക്ലാസ് വായനാകൂട്ടം രൂപീകരിക്കൽ<br>2. വായനമൂല, ക്ലാസ് ലൈബ്രറി നവീകരിക്കൽ<br>3. സ്കൂൾലൈബ്രറി നവീകരിക്കൽ<br>4. വായനോത്സവം സംഘടിപ്പിക്കൽ<br>5. അമ്മ വായന<br>6. പത്ര വായന<br>7. വായനാനുഭവം പങ്കുവയ്ക്കൽ<br>8. വായനാക്കുറിപ്പ് പതിപ്പ്<br>9. വിദ്യാരംഗം കലാ സാഹിത്യ<br>10. സ്കൂൾ സഭ, ബാല സഭ<br>11. ദിനാചരണങ്ങൾ<br>12. വായനാസാമഗ്രികൾ വികസിപ്പിക്കൽ<br>13. ഇ - വായന | 3 മാസം<br>( സെപ്റ്റംബർ - നവംബർ ) |
| 3. | കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക. | 1. എഴുത്തുകൂട്ട രൂപീകരണം<br>2. ക്ലാസ് ലൈബ്രറി<br>3. വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ<br>4. ആസ്വാദനക്കുറിപ്പ് | 4 മാസം<br>(ഡിസംബർ - മാർച്ച് ) |

| | | | |
|---|---|---|---|
| | | 5. മാഗസിൻ, ചുമർ പത്രിക, പതിപ്പ് തയ്യാറാക്കൽ.<br>6. സർഗ്ഗ സൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ<br>7. വായനക്കുറിപ്പ് പതിപ്പ് , ആസ്വാദനക്കുറിപ്പ്<br>8. പൊതുവേദികളിൽ സംസാരിക്കാനുള്ള കഴിവ്<br>9. വ്യക്തിഗത രചന , സംഘ രചന<br>10. സാഹിത്യ സാംസ്ക്കാരിക ചിത്രഗ്യാലറി<br>11. രചയിതാക്കളെ പരിചയപ്പെടൽ | |

## വിഷയം : ഗണിതം

| Sl no. | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|---|
| 1. | സംഖ്യാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. പ്രീ ടെസ്റ്റ്<br>2. സംഖ്യകൾ ഓർമ്മപ്പെടുത്തൽ eg: 1 മുതൽ 100 വരെ<br>3. സംഖ്യകൾ തിരിച്ചറിയൽ<br>4. സംഖ്യകളുടെ പേര് മനസിലാക്കൽ<br>5. സംഖ്യ കാർഡ് നൽകൽ<br>6. സംഖ്യകൾ അക്ഷരത്തിൽ എഴുതാൻ<br>7. അക്ഷരത്തിൽ എഴുതിയ സംഖ്യ കൾ തിരിച്ചറിയൽ | 2 മാസം ( ജൂൺ-ജൂലൈ) |
| 2. | സംഖ്യകളുടെ സ്ഥാനവില മനസിലാക്കുന്നതിന് . | 1. സംഖ്യാ പറ്റേൺ<br>2. സ്ഥാനവില കണ്ടെത്തുന്നതിനുള്ള സംഖ്യാ കാർഡ് ഉപയോഗിക്കൽ<br>3. 10, 100, 1000 എന്നിങ്ങനെയുള്ള സ്ഥാനങ്ങൾ തിരിച്ചറിയൽ<br>4. പട്ടിക പൂർത്തിയാക്കൽ<br>5. സ്ഥാനവില പോക്കറ്റ<br>6. 3 അക്ക സംഖ്യകൾ (അബാക്കസ്,കളിനോട്ട് )<br>7. വർക്ക് ഷീറ്റ് പ്രവർത്തനങ്ങൾ | 2 മാസം ( ആഗസ്റ്റ് - സെപ്റ്റംബർ ) |
| 3. | ചതുഷ്ക്രിയകൾകൈകാര്യം ചെയ്യുന്നതിലെ പിന്നോക്കാസ്ഥ | 1. സങ്കലന വ്യവകലന ക്രിയകൾ<br>2. ഗുണനഹരണ ക്രിയകൾ<br>3. ഗണിത ശില്പശാല<br>4. ഗണിത കേളി<br>5. സംഖ്യാക്കൂട്ടങ്ങളിൽ നിന്ന് വലിയ സംഖ്യ , ചെറിയ സംഖ്യ എന്നിവ കണ്ടെത്തൽ | 6 മാസം ( ഒക്ടോബർ - മാർച്ച് ) |

| | | | |
|---|---|---|---|
| | | 6. ആരോഹണ അവരോഹണ ക്രമം<br>7. ഗണിത വിജയ പ്രവർത്തനങ്ങൾ<br>8. പ്രശ്ന പരിഹരണ പ്രവർത്തന ങ്ങൾ | |

## Subject : English

| Sl no. | Learning Outcomes | Activities | Duration |
|---|---|---|---|
| 1. | Listening skills | 1.Pretest<br>To develop listening skills & reading skills first<br>2. Games, Action songs Hello English activities, conversations, skit stories<br>3. Use ICT | 2 Months ( June – July ) |
| 2. | Speaking skills | 1. Descriptions, growing sentences,<br>2. Picture reading,<br>3. Picture description<br>4. Self-introduction<br>5. Assembly activities- speech, book review, quiz riddles, self-introduction. School radio etc | 2 Months ( August - September) |
| 3. | Reading skills | 1. Newspaper reading,<br>2. Library books reading,<br>3. Book review,<br>4. Reading breaking news,<br>5. Find words.<br>6. Collect and read past tense, rhyming words, describe words, etc<br>7. Textbook activities | 2 Months (October - November) |
| 4. | Writing skills | 1. Make word web,<br>2. Picture description,<br>3. Word chain sentence chain,<br>4. Make words,& sentences make riddles,<br>5. Conversations,<br>6. Add more lines,<br>7. Develop the story, description,<br>8. Notice proclamation,<br>9. Diary<br>10. Letter Announcement,<br>11. Magazines | 4 Months (December – March ) |

# വിഷയം : പരിസര പഠനം

| Sl no. | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|---|
| 1. | ചുറ്റുപാടുമുള്ള സസ്യങ്ങളെ നിരീക്ഷിച്ച അവയുടെ പ്രത്യേകതകൾ കണ്ടെത്തുന്നു | ജൂൺ 5 പരിസ്ഥിതിദിനത്തോടനുബന്ധിച്ച് വൃക്ഷ തൈ നടൽ. എല്ലാ കുട്ടികൾക്കും വൃക്ഷതൈകൾ വിതരണം ചെയ്യുന്നു.<br>🖉വളരുന്ന മരം<br>🖉നല്ല നാളേയ്ക്കു വേണ്ടി കവിത(ICT) ഏറ്റു ചൊല്ലുന്നു.<br>🖉പ്രകൃതി നടത്തം . സസ്യങ്ങൾ നിരീക്ഷിക്കുന്നു പേരുകൾ കണ്ടെത്തുന്നു നോട്ട്ബുക്കിൽ രേഖപ്പെടുത്തുന്നു .<br>🖉 ഒരു മരം വരയ്ക്കുന്നു നിറം നൽകുന്നു ഐസിടി ഉപയോഗിച്ച കൂടുതൽ സസ്യങ്ങളെ പരിചയപ്പെടുത്തുന്നു .<br>🖉 കുട്ടികൾ തങ്ങളുടെ ചുറ്റുപാടുമുള്ള വിവിധ സസ്യങ്ങളുടെ ഫോട്ടോകളെടുത്ത ക്ലാസ് ഗ്രൂപ്പിൽ പങ്കുവയ്ക്കുന്നു . | ജൂൺ |
| | | വിവിധ തരം ഇലകൾശേഖരിച്ച ക്ലാസിൽകൊണ്ടുവരുന്നു.അവയുടെ പേരുകൾ തിരിച്ചറിയുന്നു ഇലകളുടെ പ്രത്യേകതകൾ (ആകൃതി, നിറം, മണം, വലുപ്പം) ഇലകളെ തരം തിരിക്കുന്നു. | ജൂലൈ |
| | | ടീച്ചർ ചില ഇലകൾ ഞെരടി കുട്ടികളെ മണപ്പിക്കുന്നു. ഊഹിച്ച കണ്ടെത്തുന്നു. ഇലയുടെ ഉപയോഗങ്ങൾ കണ്ടെത്തുന്നു. ഇല യും ഉപയോഗങ്ങളും പട്ടിക പൂർത്തിയാക്കുന്നു.<br>🖉 ഇല ആൽബം ഇല പ്രിൻറ ആൽബം ഇവ തയ്യാറാക്കുന്നു. ടീച്ചർ ഒരു ചെടി പിഴുത് ക്ലാസ്സിൽ കൊണ്ടുവരുന്നു .ചെടിയുടെ ഭാഗങ്ങൾ പരിചയപ്പെടുത്തുന്നു. ചെടി വരയ്ക്കുന്നു ഭാഗങ്ങൾ അടയാളപ്പെടുത്തുന്നു(ICT). വിത്ത് മുളപ്പിക്കൽ പരീക്ഷണം | ( ആഗസ്റ്റ് - ഒക്ടോബർ ) |

| | | | |
|---|---|---|---|
| 2. | | നിരീക്ഷിച്ച് ഓരോ ദിവ സത്തെയും മാറ്റങ്ങൾ രേഖപ്പെടു ത്തുന്നു. വിത്ത് മുളക്കുന്ന വീഡിയോ പ്രദർശിപ്പിക്കുന്നു. | |
| | | സ്കൂളിൽ ഒരു സസ്യഉദ്യാനം. കുട്ടികൾ വിവിധ നടീൽവസ്തുക്കൾ കൊണ്ടു വരുന്നു.നടുന്ന ഭാഗങ്ങൾ പരിചയപ്പെടുന്നു.നടാൻ ഉപയോ ഗിക്കുന്ന ഭാഗങ്ങൾക്കനുസരിച്ചു സസ്യങ്ങളുടെ പേരുകൾ നൽകി കുട്ടികളെ ഗ്രൂപ്പ് തിരിക്കുന്നു .ഓരോ ഗ്രൂപ്പും അവരവർക്ക് ലഭിച്ച സസ്യങ്ങളെകുറിച്ച് പറയുന്നു.ലഘു കുറിപ്പുകൾ തയ്യാറാക്കുന്നു അവതരിപ്പിക്കുന്നു.പതിപ്പിന ആവശ്യമായ ചിത്രങ്ങളും കവിതകളും ഓരോ ഗ്രൂപ്പുകാരും കണ്ടെത്തുന്നു.പതിപ്പ തയ്യാറാക്കുന്നു.രിച്ച് സസ്യങ്ങളെ തരംതിരിക്കുന്നു പട്ടികപ്പെടുത്തുന്നു. | നവംബർ - ഡിസംബർ |
| 2. | വ്യക്തിശുചിത്വത്തിന്റെയും സാമൂഹ്യശുചിത്വത്തിന്റെയും പ്രാധാന്യം | ശുചിത്വത്തിന്റെ പ്രാധാന്യം മനസിലാക്കൽ<br>രോഗങ്ങൾ, രോഗകാരണങ്ങൾ, പ്രതിരോധ മാർഗങ്ങൾ, പോസ്റ്ററുകൾ, ചിത്രങ്ങൾ.<br>പരിസര ശുചിത്വം.<br>കൊളാഷ് നിർമ്മാണം.<br>ബോധവൽക്കരണ ക്ലാസുകൾ<br>ICT സാധ്യതകൾ | ജനുവരി - മാർച്ച് |

## വിഷയം : അറബിക്

| Sl no. | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|---|
| 1. | ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ | അറബി അക്ഷരങ്ങളും ഉച്ചാരണം എഴുത്തുരൂപങ്ങളിലെ വ്യത്യാസങ്ങൾ എന്നിവ മനസ്സിലാക്കി വായിക്കാനും എഴുതാനുമുള്ള കഴിവ് ആർജിക്കൽ. | ജൂൺ - ആഗസ്റ്റ് |
| 2. | വായനയും എഴുത്തും വികസിപ്പിക്കുന്നതിനുള്ള തന്ത്രങ്ങൾ | 1. അറബി ഭാഷാ ശേഷി വർദ്ധിപ്പിക്കുക,പദസമ്പത്ത് അധികരിപ്പിക്കുക | സെപ്റ്റംബർ - മാർച്ച് |

| | | | |
|---|---|---|---|
| | | 2. അറബിയിലുള്ള ചെറിയ ശൈലികൾ ഉപചാര വാക്കുകൾ തുടങ്ങിയവ മനസ്സിലാക്കുക<br>3. ഭാഷാ ആഭിമുഖ്യം,വായനാ താൽപര്യം പൊതുവിജ്ഞാനം തുടങ്ങിയവ വർദ്ധിപ്പിക്കൽ<br>4. അറബി ഭാഷാ വിനിമയശേഷി വർദ്ധിപ്പിക്കൽ<br>5. വിവിധ ദിനാചരണങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടുത്തൽ,<br>6. കുട്ടികളുടെ സർഗാകത്മക ശേഷി വർദ്ധിപ്പിക്കൽ<br>7. അറബി ഭാഷാ പഠനത്തിൽ ഐ.റ്റി സാധ്യത ഉപയോഗപ്പെടുത്താനുള്ള പ്രാഥമിക ഘട്ടത്തിന് തുടക്കം കുറിക്കൽ | |